# KSSIA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. MAY 2026. ₹5.00

VOL. 10 - ISSUE NO. 11 - DATE OF PUBLICATION 25TH May, 2026 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24





## Industry to Next level
## Artificial Intelligence, Automation and Robotics

## വ്യവസായം അടുത്ത തലത്തിലേക്ക്
## കൃത്രിമബുദ്ധി, ഓട്ടോമേഷൻ, റോബോട്ടിക്സ്


നന്മയാണ് നമ്മുടെ ഉറപ്പ്!
KSIDC
INVEST IN KERALA
നമ്മുടെ നാട്, നമ്മുടെ ഉത്പന്നങ്ങൾ
Quality
Ethical
Product of Kerala
~ Made in India ~
NATURAL INGREDIENTS
SUPPORTS LOCAL FARMERS
SUSTAINABLE PRACTICES
GIVING BACK TO COMMUNITY
നമ്മുടെ കേരളം • നമ്മുടെ അഭിമാനം • നമ്മുടെ ഉറപ്പ്
KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED

KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - MAY 2026 - ₹5.00

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94473 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Anvar.K.V............ ✆ 93499 35511
Eshaque K........... ✆ 98470 08185
Dr. K.M. Khalid.. ✆ 94460 34576

**Publisher**
A. Nizarudeen
✆ 94477 10078

**Printer**
Rajesh G.
✆ 98957 03837


**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം

- **എഡിറ്റോറിയൽ:** വ്യവസായ പുരോഗതി ആത്യന്തിക ലക്ഷ്യം.........3
- **പ്രസിഡൻഷ്യൽ റിപ്പോർട്ട്:** കേരള സംസ്ഥാനത്തിന്റെ പതിമൂന്നാമത് മുഖ്യമന്ത്രി.........5
- **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:** പുതിയ സർക്കാരിന്റെ ശ്രദ്ധയിലേയ്ക്ക്.........7
- ജി എസ് ടി യുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങൾ.........9
- കേരളത്തിൽ പ്ലാസറ്റിക് ഉത്പ്പന്ന വ്യവസായത്തിലെ സാധ്യതകൾ.........12
- ചെറുകിട വ്യവസായികളുടെ കരുത്ത് തെളിയിച്ച കണ്ണൂരിന്റെ എക്സ്പോ 2026.........17
- ചെറുകിട വ്യവസായ സംരംഭങ്ങളും സാമൂഹ്യപുരോഗതിയും.........19
- ഫ്രെയിം വർക് ഫോർ ടെക് മാനുഫാക്ചറിംഗ്.........20

## എഡിറ്റോറിയൽ

# വ്യവസായ പുരോഗതി ആത്യന്തിക ലക്ഷ്യം



പുതിയ സർക്കാർ നിലവിൽ വരുന്ന സാഹചര്യത്തിൽ സർക്കാരിന് സഹകരണം വാഗ്ദാനം ചെയ്തുകൊണ്ട് അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. എല്ലാ സർക്കാരുകളും വ്യവസായ പുരോഗതി ലക്ഷ്യമിട്ട് വ്യവസായ നയം രൂപീകരിച്ചിരിക്കുന്നു. അതു നന്ദിയോടെ ഓർത്തുകൊണ്ട് പുതിയ സർക്കാരിന് മുന്നിൽ ചെറുകിട വ്യവസായ സംഘടന ചില നിർദ്ദേശങ്ങൾ സമർപ്പിച്ചു കൊള്ളട്ടെ.

### വ്യവസായ സംരക്ഷണ നിയമം

വ്യവസായ സംരക്ഷണവും വളർച്ചയും ലക്ഷ്യമിടുന്ന ഒരു വ്യവസായ നിയമം അടിയന്തിരമായി ഉണ്ടാകേണ്ടതുണ്ട്. വ്യവസായത്തെ ബാധിക്കുന്ന സുപ്രധാനമായ ഒരു ഹൈക്കോടതി വിധി ഈയിടെ ഉണ്ടായിട്ടുണ്ട്. ആൾക്കൂട്ട ബഹളശക്തി നിയമബലത്തിന് മേലെ ആകരുത്. നിയമാനുസൃതമായ സകല ലൈസൻസും കരസ്ഥമാക്കി ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകളുടെ അനുമതി, രേഖകളും കൈമാറിയ ശേഷം തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്താൻ ഒരു സംഘടിത ശക്തിയ്ക്കും അവകാശമില്ല. അത് നീതി നിഷേധമാണ്. ഒറ്റപ്പെട്ടതാണെങ്കിലും ഇങ്ങനെയുള്ള സംഭവങ്ങൾ പല ഇടങ്ങളിലും പലപ്പോഴായി നടന്നിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഒഴിവാക്കേണ്ടതും വ്യവസായ പുരോഗതിയ്ക്ക് അത്യന്താപേക്ഷിതമാണ്. ഇവിടെയാണ് വ്യവസായ സംരക്ഷണ നിയമത്തിന്റെ പ്രസക്തി.

### ബിൽഡിംഗ് ആക്ട്

ഇപ്പോൾ കേരളംതുടരുന്നത് കേന്ദ്രത്തിന്റെ ബിൽഡിംഗ് ആക്ടിന്റെ ഗൈഡ് ലൈൻ ആണ്. കേരളത്തിന്റെ തനതായ സാഹചര്യങ്ങൾക്കനുസരിച്ച് ഒരു പുതിയ നിയമമുണ്ടാകേണ്ടതാണ്. കേരളത്തിന്റെ സ്ഥലപരിമിതി, ജനസാന്ദ്രത, ഗതാഗത സൗകര്യ പരിമിതി, വർദ്ധിച്ചു വരുന്ന സ്ഥലവില, ഒക്കെ കണക്കിലെടുത്തു കൊണ്ടുള്ള ഒരു നിയമമായിരിക്കും അഭികാമ്യം.

## തരിശുഭൂമിയും വ്യവസായ വളർച്ചയും

കേരളത്തിൽ പലയിടങ്ങളിലും, ഉപയോഗിക്കപ്പെടാതെ തരിശായി കിടക്കുന്ന ഭൂമി, കൃഷിയോഗ്യം അല്ലാത്ത ഭൂമി, നിലച്ചുപോയ വ്യവസായ ശാലകളുടെ ഭൂമി, പുറമ്പോക്കായി കിടക്കുന്ന സർക്കാർ ഭൂമി എന്നിവ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാൻ ഉപയോഗിക്കാവുന്നതാണ്. വ്യവസായ വികസനത്തിനായുള്ള ഈ ചെറുവഴി വികസനത്തിനായുള്ള സർക്കാരിനും, വ്യവസായികൾക്കും സാമ്പത്തിക സ്രോതസ്സായി തീരും എന്നതിൽ സംശയമില്ല.

## വിദ്യുച്ഛക്തി വിനിയോഗം നിലവിൽ

വ്യവസായ യൂണിറ്റുകളുടെ വിദ്യുച്ഛക്തി വിനിയോഗം വ്യവസായ എസ്റ്റേറ്റുകളിൽ LT4-150 KVA വരെയാണ്. പക്ഷേ സ്വകാര്യസ്ഥാപനങ്ങൾക്ക് അത് 100 KVA വരെ പരിധി നിശ്ചയിച്ചിരുന്നു.

ഇത് ഏകീകരിച്ചുകൊണ്ട് എല്ലാ LT4 കണക്ഷനും 150 KVA ആക്കി മാറ്റേണ്ടതാണ്.

## ട്രാൻസ്ഫോമർ കൈമാറ്റം

ഉത്പ്പാദനക്ഷമത വർദ്ധിപ്പിക്കാൻ യൂണിറ്റുകൾക്ക് കൂടുതൽ കപ്പാസിറ്റി ഉള്ള ട്രാൻസ്ഫോർമറുകൾ വിലകൊടുത്തു വാങ്ങേണ്ടിവരും. നിലവിലുള്ള ട്രാൻസ്ഫോർമർ ബോർഡിന് തിരിച്ചു കൊടുക്കേണ്ടിവരും അതിന് അവർ വില തരുന്നില്ല. അത് യുക്തമോ നീതിയോ അല്ല. തിരിച്ചെടുക്കുന്ന ട്രാൻസ്ഫോമറിൽ ഒരു വില ബോർഡ് ഉപഭോക്താവിന് നല്കേണ്ടതാണ്.

## ആശയ വിനമയത്തിന്റെ വഴി

വ്യവസായ വികസനം ലക്ഷ്യമിടുന്ന സർക്കാർ നയം സുഖമമായി നടത്താൻ വ്യവസായത്തിനുള്ളിലെ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കി പരിഹാരം കാണേണ്ടത്. അതിനായുള്ള എളുപ്പ വഴി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ, വ്യവസായ മന്ത്രി മുൻകൈയെടുത്ത്, റവന്യൂ, തദ്ദേശ സ്വയം ഭരണം, വൈദ്യുതി, വനം, മന്ത്രിമാരും വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ ഡിപ്പാർട്ട്മെന്റ് മേധാവികളും സർക്കാർ ഗ്രാന്റ് നൽകുന്ന സർക്കാരിന്റെ നോടൽ ഏജൻസിയായി പ്രവർത്തിക്കുന്ന എം. എസ്. എം. ഇ. സെക്ടറിലെ ഉത്പ്പാദകരുടെ വ്യവസായ സംഘടനാ പ്രതിനിധികളും ഒരുമിച്ചിരുന്ന് ചർച്ച ചെയ്യാൻ ഒരു വേദി ആവശ്യമാണ്. ഇങ്ങനെ ഒത്തുചേരലിനും ചർച്ചയ്ക്കും സർക്കാർ താല്പ്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വികസന ലക്ഷ്യമുള്ള സർക്കാർ ഇത് ചെയ്യുമെന്ന വിശ്വാസത്തോടെ,

**എസ്. സലിം**
**ചീഫ് എഡിറ്റർ**



## പ്രസിഡൻഷ്യൽ റിപ്പോർട്ട്



**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**

കേരള സംസ്ഥാനത്തിന്റെ പതിമൂന്നാമത് മുഖ്യമന്ത്രിയായി ശ്രീ. വി.ഡി. സതീശൻ സത്യപ്രതിജ്ഞ ചെയ്തിരിക്കുകയാണല്ലോ, അദ്ദേഹത്തിന്റെ മന്ത്രി സഭയിൽ വ്യവസായ, ഐടി മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും മറ്റ് മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്തിരിക്കയാണ്. പുതിയ സർക്കാരിന് KSSIA യുടെ എല്ലാവിധ സഹകരണങ്ങളും വാഗ്ദാനം ചെയ്യുന്നതോടൊപ്പം എല്ലാവിധ ഭാവുകങ്ങളും നേരുന്നു.


പുതിയ സർക്കാർ നമ്മുടെ സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയുടെ ഉന്നമനത്തിനുവേണ്ടിയും വിപുലീകരിക്കുന്നതിനു വേണ്ടിയുമുള്ള പദ്ധതികൾ ആവിഷ്കരിക്കുമെന്ന് ഉറച്ച് വിശ്വസിക്കുന്നു.

മുൻകാല സർക്കാരുകൾ അനുവർത്തിച്ചുപോന്ന സദുദ്ദേശപരമായ നിലപാടുകൾ തുടരുന്നതോടൊപ്പം കൂടുതൽ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ ഉതകുന്ന പദ്ധതികൾക്കൂടി പ്രഖ്യാപിച്ച് കൂടുതൽ സംരംഭകരെ ആകർഷിക്കേണ്ടതുണ്ട്. തൻമൂലം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഖജനാവിലേയ്ക്ക് നികുതിയിനത്തിൽ കൂടുതൽ വരുമാനം നേടുവാനും ഉതകും. മാത്രമല്ല തൊഴിൽ തേടി അഭ്യസ്ഥ വിദ്യർ പുറം രാജ്യങ്ങളിലേയ്ക്ക് കുടിയേറുന്നത് ഒരു പരിധിവരെ തടയിടാനും നമ്മുടെ സംസ്ഥാനത്ത് വൃദ്ധസദനങ്ങളുടെ വ്യാപ്തി കുറയ്ക്കാനും സാധിക്കും. പുതിയ സർക്കാരിന്റെയും വ്യവസായ വകുപ്പിന്റെയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ഞങ്ങൾ ക്ഷണിക്കുന്നു.

പുതിയ സർക്കാരിന്റെ സത്വര ശ്രദ്ധ ചെറുകിട വ്യവസായികൾ കാലാകാലങ്ങളായി നേരിടുന്ന ചില പ്രശ്നങ്ങളിലേയ്ക്ക് ക്ഷണിക്കുന്നതോടൊപ്പം അവയ്ക്ക് കാതലായ പ്രശ്ന പരിഹാരങ്ങളും പ്രതീക്ഷിക്കുന്നു.

പശ്ചിമേഷ്യയിലെ യുദ്ധസാഹചര്യം കൊണ്ട് അസംസ്കൃത വസ്തുക്കളിലുള്ള ദൗർലഭ്യവും അനിയന്ത്രിതമായ വിലക്കയറ്റവും കൂടാതെ ഇൻഡസ്ട്രിയൽ പാർക്കുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും വിപുലീകരണവും പരിഹരിക്കപ്പെടേണ്ടതാണ്. ചെറുകിട വ്യവസായങ്ങളുടെ നിലനിൽപ്പിനുതകുന്ന വിധത്തിലുള്ള സാമ്പത്തിക സഹായങ്ങൾ ധനകാര്യ സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. ദുർബലമായ കാരണങ്ങൾച്ചൂണ്ടിക്കാട്ടി വായ്പ പിരിച്ചെടുക്കൽ അനാവശ്യമായ റവന്യു റിക്കവറി നടപടികൾ ഒഴിവാക്കേണ്ടതാണ്.

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഭവ്യ (ഭാരത് ഔദ്യോഗിക് വികാസ് യോജന) എന്ന വ്യവസായ പാർക്ക് പദ്ധതി ലഭിക്കാൻ മറ്റു സംസ്ഥാനങ്ങൾ അപേക്ഷ നല്കി കാത്തിരിക്കുകയാണ്. 33660 കോടി രൂപ സംസ്ഥാനങ്ങൾക്ക് നല്കാൻ ലക്ഷ്യമിട്ട് മാർച്ചിൽ പ്രഖ്യാപിച്ച ഈ പദ്ധതി പ്ലഗ് ആന്റ് പ്ലേ സൗകര്യമുള്ള നൂറ് ആധുനിക വ്യവസായ പാർക്കുകൾ വിഭാവനം ചെയ്യുന്നു. പശ്ചാത്തല സൗകര്യമൊരുക്കാൻ പാർക്കിലെ ഓരോ ഏക്കറിനും ഒരു കോടി രൂപ വീതം നിക്ഷേപകന് നൽകുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. വിഷയത്തിൽ പുതിയ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ഈ പദ്ധതി പരമാവധി പ്രയോ



ജനപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

നമ്മുടെ സംസ്ഥാനത്തുള്ള 18 മേജർ സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ അഞ്ച് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്ക് (കരുനാഗപ്പള്ളി, പള്ളുരുത്തി, പാലയാട്, മുടിയ്ക്കൽ, കല്ലേറ്റുംകര) പട്ടയം ഇനിയും അനുവദിച്ചിട്ടില്ല. ഈ എസ്റ്റേറ്റുകൾക്ക് എത്രയും പെട്ടെന്ന് പട്ടയം നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

നമ്മുടെ സംസ്ഥാനം ഇപ്പോൾ അനുവർത്തിക്കുന്നത് നാഷണൽ ബിൽഡിംഗ് കോഡ് ഗൈഡ് ലൈൻ വച്ചാണ്. കർണ്ണാടക, മഹാരാഷ്ട്ര, മുതലായ സംസ്ഥാനങ്ങളിലുള്ളതുപോലെ നമ്മുടെ സംസ്ഥാനത്തും തനതായ ഒരു ബിൽഡിംഗ് കോഡ് ആവശ്യമാണ്. നോട്ടിഫൈഡ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ചെറുകിട വ്യവസായങ്ങൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിടനികുതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് നിർവചനത്തിൽ വരുന്നതും സിംഗിൾ വിൻഡോ ക്ലിയറൻസ് അനുമതിയുള്ള കേരളത്തിലെ മുഴുവൻ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ കെട്ടിട നികുതി ഒഴിവാക്കണം.

കേരള സർക്കാരിന്റെ കീഴിലുള്ളതും ഡി.എ.ഡി.പി. യിലും പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളുടെ ഒരു ഭാഗം മറ്റൊരു വ്യവസായ സ്ഥാപനത്തിന് അനുവദിക്കുന്നതിനുള്ള നിയമ നിർമ്മാണം ആവശ്യമാണ്. തൻമൂലം തൊഴിൽ സാധ്യതയും സർക്കാരിലേയ്ക്ക് നികുതി വരുമാനവും സാധ്യമാകും. ഫയർ പോളിസി സംബന്ധമായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി വ്യവസായങ്ങൾക്കുതകുന്ന ഫയർ പോളിസി പ്രഖ്യാപിക്കണം. വ്യവസായ പാർക്കുകൾക്ക് അനുവദിച്ചിട്ടുള്ള LT4 (150KVA ) വ്യവസായ പാർക്കുകൾക്ക് പുറത്ത് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക്കൂടി അനുവദിനീയമാക്കണം. വ്യവസായ പാർക്കുകളിലെ ഭൂമി മുഴുവനായോ ഭാഗികമായോ കൈമാറ്റം ചെയ്യുന്നതിനുള്ള രൂപരേഖ പ്രഖ്യാപിക്കണം.

നമ്മുടെ സംസ്ഥാനം നാഷണൽ ഈസ് ഓഫ് ഡൂയിംഗ് റാങ്കിംഗിൽ 434 ൽ 430 ടാർഗറ്റഡ് ബിസിനസ്സ് റിഫോംസ് നേടി 99.3% സ്കോറോടുകൂടി ബെസ്റ്റ് പെർഫോമറും ടോപ് അച്ചീവറുമായി നില കൊള്ളുന്ന സംസ്ഥാനമാണ്. ഈ സ്ഥാനം തുടർന്നും നിലനിർത്തേണ്ടത് നമ്മുടെ സംഘടനയുടെയും കേരള സർക്കാരിന്റെയും പൊതു ആവശ്യമായി കണ്ട് അത് നിലനിർത്താനുള്ള പരിശ്രമം ആവശ്യമാണ്. എം. എസ്. എം. ഇ. മേഖലയാണ് കേരളത്തിന്റെ പുരോഗതിയുടെ അനിവാര്യ ഘടകം. അതുകൊണ്ട് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ തുടർച്ച പുതിയ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

പുതിയ സർക്കാരിന് കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെ നിസ്സീമമായ സഹകരണങ്ങൾ ഒരിക്കൽക്കൂടി ഉറപ്പു നല്കികൊണ്ട്.

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**



വോയിസ് ഓഫ് ജനറൽ സെക്രട്ടറി

# പുതിയ സർക്കാരിന്റെ ശ്രദ്ധയിലേയ്ക്ക്



ജോസഫ് പൈകട
ജനറൽ സെക്രട്ടറി

നമ്മുടെ സംസ്ഥാനത്ത് പുതിയ സർക്കാർ അധികാരം ഏറ്റെടുത്തിരിക്കുകയാണ്. മുൻ സർക്കാരുമായി പ്രത്യേകിച്ച് വ്യവസായ വകുപ്പുമായി നമുക്കുണ്ടായിരുന്ന ഊഷ്മള ബന്ധം പുതിയ സർക്കാരുമായി തുടരേണ്ടതുണ്ട്. ചെറുകിട വ്യവസായ മേഖലയുടെ ഉന്നമനത്തിനായി മുൻ സർക്കാർ പ്രാവർത്തികമാക്കിയ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് തുടങ്ങിയ പദ്ധതികൾ പുതിയ സർക്കാർ കൂടുതൽ മികച്ച രീതിയിലും പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയും പ്രാവർത്തികമാക്കുമെന്ന് പ്രതീക്ഷിക്കാം. വ്യവസായം, വൈദ്യുതി, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവ പരസ്പര പൂരകങ്ങളായി പ്രവർത്തിച്ച് കൂടുതൽ ചെറുകിട വ്യവസായികളെ ഈ മേഖലയിലേയ്ക്ക് ആകർഷിച്ച് വ്യവസായ മേഖല വിപുലീകരിക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് അഭ്യസ്ഥ വിദ്യരായ യുവജനങ്ങളുടെ ദൗർലഭ്യമില്ല. സർക്കാരിന്റെ വ്യവസായ സൗഹൃദ പദ്ധതികൾ വഴി കൂടുതൽ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാൻ കഴിയണം. കൂടുതൽ പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കുകളും അതിനോടനുബന്ധിച്ച് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിയാൽ കൂടുതൽ അഭ്യസ്ഥ വിദ്യരായ സംരംഭകരെ ചെറുകിട വ്യവസായ മേഖലയിലേയ്ക്ക് ആകർഷിക്കാൻ കഴിയും. ലൈസൻസിംഗ് മുതലായ വിഷയങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുമാറ്റി വ്യവസായ വകുപ്പിന് കീഴിലാക്കിയാൽ ഈ മേഖലയ്ക്ക് മികച്ച രീതിയിൽ പ്രവർത്തിക്കാൻ കഴിയും. അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിയും വൈദ്യുതി വിതരണത്തിലെ പോരായ്മകളും പ്രതിസന്ധികളും ദൂരീകരിച്ച് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തേണ്ടതുണ്ട്. പശ്ചിമേഷ്യയിലെ യുദ്ധാനന്തര കെടുതികൾ മൂലം നേരിടുന്ന അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, വിലക്കയറ്റം എന്നീ മേഖലകളിലേയ്ക്കും പുതിയ സർക്കാരിന്റെ ശ്രദ്ധ ഉടനടി പതിയേണ്ടതുണ്ട്. യുദ്ധസാഹചര്യം മൂലം ചെറുകിട വ്യവസായികൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ഒഴിവാകുന്നതിന് ഉദാരമായ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് നന്നായിരിക്കും. കെ. എസ്. എസ്.ഐ. എ. കേരളത്തിലെ ചെറുകിട വ്യവസായികളെ പ്രതിനിധീകരിക്കുന്ന ഏക ഗവൺമെന്റ് അംഗീകൃത സംഘടനയാണ്. പുതിയ സർക്കാരിന്റെ വ്യവസായ നയരൂപികരണ പ്രവർത്തനങ്ങളിൽ കെ. എസ്. എസ്. ഐ. എ. കൂടി ഭാഗഭാക്കാക്കിയാൽ കൂടുതൽ മെച്ചപ്പെട്ട ആശയ വിനിമയങ്ങളും പ്രവർത്തന പരിചയങ്ങളും കൈമാറാൻ കഴിയും.



SINCE 1984®

CHILTON

we innovate

# GET YOUR CHILLER Free! IN 9 MONTHS.




## HEAT PUMP CHILLER

**SAVES 68% POWER**

**CHILLED WATER + FREE HOT WATER**

At the same time


**FACTORIES: KERALA, GUJARAT**

**CORPORATE OFFICE (KERALA)**

5th floor, Chilton Towers, Koonamthai, NH 544, Edapally P.O, Kochi, Kerala, India,
Pincode: 682 024.
Contact: 7994443021

chiltonmktg@chiltonindia.com  www.chilton.solutions

**ജി എസ് ടി യുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടവയാണ്. പലർക്കും അവയിൽ ചിലത് വിട്ടുപോയിട്ടുണ്ടാകാം. താഴെപ്പറയുന്ന GST compliances എത്രയും വേഗം പൂർത്തിയാക്കണമെന്ന് ഈ വൈകിയ വേളയിൽ ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.**



**ഡോ. (അഡ്വ.) കെ.എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM, Phd
ജി.എസ്.റ്റി.& സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ

**ഇയർ എൻഡ് കംപ്ലൈൻസ് ഗൈഡ് മാർച്ച് 31, 2026 ന് മുൻപ് ചെയ്യേണ്ട കാര്യങ്ങൾ**

1. എൽ. യു. ടി ഫയലിംഗ് (LUT - RFD-11) എക്സ്പോർട്ട്, SEZ സപ്ലൈകൾക്ക് IGST അടയ്ക്കാതെ ബിസിനസ് ചെയ്യുന്നവർ RFD-11 ഫോമിൽ Letter of Undertaking (LUT) 31-3-2026- ന് മുൻപ് നിർബന്ധമായും ഫയൽ ചെയ്യണം.

2. കോമ്പോസിഷൻ സ്കീം CMP-02 റെഗുലർ സ്കീമിൽ നിന്ന് കോമ്പോസിഷൻ സ്കീമിലേക്ക് മാറാൻ ആഗ്രഹിക്കുന്നവർ CMP-02 ഫോം 31- 3 - 2026 ന് മുൻപ് ഫയൽ ചെയ്യണം.
●ഗുഡ്സ് (Manufacturers/Traders): ടേൺഓവർ 1.5 കോടി വരെ 1% ടാക്സ്.
●സർവ്വീസ് പ്രൊവൈഡേഴ്സ്: ടേൺഓവർ 50 ലക്ഷം വരെ 6% ടാക്സ്.

3. ശ്രദ്ധിക്കുക: റെഗുലറിൽ നിന്ന് കോമ്പോസിഷനിലേക്ക് വർഷത്തിൽ ഒരിക്കൽ മാത്രമേ മാറാൻ സാധിക്കൂ; എന്നാൽ കോമ്പോസിഷനിൽ നിന്ന് റെഗുലറിലേക്ക് എപ്പോൾ വേണമെങ്കിലും മാറാം.

4. ITC-03 സ്റ്റോക്ക് ITC റിവേഴ്സൽ CMP-02 ഫയൽ ചെയ്ത ശേഷം സ്റ്റോക്കിലുള്ള ഗുഡ്സ്, ക്യാപിറ്റൽ ഗുഡ്സ് എന്നിവയുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) ITC-03 ഫോം വഴി റിവേഴ്സ് ചെയ്യണം. പുതിയ ഫിനാൻഷ്യൽ ഇയർ ആരംഭിച്ച് 60 ദിവസത്തിനുള്ളിൽ (ഏപ്രിൽ 1 മുതൽ കണക്കാക്കി) ഇത് പൂർത്തിയാക്കണം. മാർച്ച് 31- ലെ ക്ലോസിംഗ് സ്റ്റോക്ക് ആണ് ഇതിനായി കണക്കാക്കേണ്ടത്.

5. QRMP സ്കീം ഓപ്ഷൻ വാർഷിക ടേൺഓവർ 5 കോടിക്ക് താഴെയുള്ളവർക്ക് ക്വാർട്ടർലി റിട്ടേൺ (QRMP) തിരഞ്ഞെടുക്കാനുള്ള അവസരം ഏപ്രിൽ 30 വരെ ലഭ്യമാണ്. ഏപ്രിൽ ജൂൺ 2026 ക്വാർട്ടർ മുതൽ ഈ സ്കീം വേണമെന്നുള്ളവർ ഏപ്രിൽ 30നകം പോർട്ടലിൽ ഓപ്ഷൻ സെലക്ട് ചെയ്യണം.

6. ഇൻവോയ്സ് പുതിയ സീരീസ് 2026-27 സാമ്പത്തിക വർഷം തുടങ്ങുമ്പോൾ ടാക്സ് ഇൻവോയ്സ്, ഡെബിറ്റ്/ക്രെഡിറ്റ് നോട്ടുകൾ എന്നിവയ്ക്ക് പുതിയ സീരിയൽ നമ്പർ സീരീസ് ആരംഭിക്കണം. നിയമപ്രകാരം സീരിയൽ നമ്പറിൽ പരമാവധി 16 അക്ഷരങ്ങൾ/അക്കങ്ങൾ മാത്രമേ പാടുള്ളൂ.

7. HSN/SAC കോഡ് 2025 -26 സാമ്പത്തിക



വർഷത്തെ ടേൺഓവർ അടിസ്ഥാനമാക്കിയാണ് പുതിയ വർഷത്തെ HSN കോഡുകൾ നിശ്ചയിക്കേണ്ടത്:

- 5 കോടിക്ക് താഴെ: B2B സപ്ലൈകൾക്ക് 4 ഡിജിറ്റ് നിർബന്ധം.

- 5 കോടിക്ക് മുകളിൽ: B2B, B2C സപ്ലൈകൾക്ക് 6 ഡിജിറ്റ് നിർബന്ധം.
- എക്സ്പോർട്ട്: എല്ലാ സ്ഥാപനങ്ങളും 8 ഡിജിറ്റ് രേഖപ്പെടുത്തണം.

8. ഇ - ഇൻവോയ്സ് (e-Invoice) 2017-18 മുതൽ 2025-26 വരെയുള്ള ഏതെങ്കിലും ഒരു വർഷം ടേൺഓവർ 5 കോടി കടന്നിട്ടുണ്ടെങ്കിൽ 2026 ഏപ്രിൽ 1 മുതൽ ഇ-ഇൻവോയ്സ് നിർബന്ധമാണ്. ഇ-ഇൻവോയ്സ് ഇല്ലാത്ത ബില്ലുകൾ നിയമപരമായി നിലനിൽക്കില്ല കൂടാതെ ഉപഭോക്താവിന് ITC ലഭിക്കുകയുമില്ല.

9. GTA — ഡിക്ലറേഷൻ ഗുഡ്സ് ട്രാൻസ്പോർട്ട് ഏജൻസികൾക്ക് (GTA) തങ്ങളുടെ ടാക്സ് പേയ്മെന്റ് രീതി (FCM അല്ലെങ്കിൽ RCM) മാറ്റണമെന്നുണ്ടെങ്കിൽ Annexure 5 അല്ലെങ്കിൽ Annexure 6 ഫോമുകൾ 31-3-2026 നകം സമർപ്പിക്കണം. നിലവിലുള്ള രീതി തന്നെ തുടരുന്നവർ പുതിയ ഡിക്ലറേഷൻ നൽകേണ്ടതില്ല.

10. Specified Premises - Annexure 7 / 8 ഹോട്ടലുകളിലെ റൂം വാടക ദിവസം 7,500 രൂപയിൽ കൂടുതലാണെങ്കിൽ അവ സ്വയം Specified Premises ആണ്. എന്നാൽ വാടക കുറവുള്ള ഹോട്ടലുകൾക്ക് റെസ്റ്റോറന്റ് സർവീസിന് മാത്രം 18% ടാക്സ് നിരക്കിൽ ITC ക്ലെയിം ചെയ്യണമെന്നുണ്ടെങ്കിൽ Annexure 7 വഴി ഡിക്ലറേഷൻ നൽകാം. നിലവിലുള്ളവർ: 2026 മാർച്ച് 31- നകം Annexure 7 ഫയൽ ചെയ്യണം. പുതിയ രജിസ്ട്രേഷൻ: ARN ലഭിച്ച് 15 ദിവസത്തിനുള്ളിൽ Annexure 8 ഫയൽ ചെയ്യണം.

ടാക്സ് നിരക്ക്: ഡിക്ലറേഷൻ ഉള്ളവർക്ക് റെസ്റ്റോറന്റിന് 18% (ITC സഹിതം), ഡിക്ലറേഷൻ ഇല്ലാത്തവർക്ക് 5% (ITC ഇല്ലാതെ).

11. ഇയർ എൻഡ് ചെക്ക്ലിസ്റ്റ് (പരിശോധിക്കേണ്ട കാര്യങ്ങൾ)

GSTR-1 vs Books: വിൽപനക്കണക്കുകൾ ബുക്സുമായി ഒത്തുനോക്കി തെറ്റുകൾ തിരുത്തുക.

GSTR-1 vs GSTR-3B: ടാക്സ് ബാധ്യതകൾ കൃത്യമാണെന്ന് ഉറപ്പുവരുത്തുക.

GSTR-2B vs Purchase Register: വിട്ടുപോയതോ അധികമായി എടുത്തതോ ആയ ITC പരിശോധിക്കുക.

ITC Reversal (Rule 42/43): എക്സംപ്റ്റ് സപ്ലൈകൾക്കും മറ്റും ആനുപാതികമായ ITC റിവേഴ്സൽ മാർച്ച് ക്ലോസിംഗിൽ ക്രമീകരിക്കുക.

RCM Compliance: സെൽഫ് ഇൻവോയ്സ് തയ്യാറാക്കിയെന്നും കൃത്യസമയത്ത് ടാക്സ് അടച്ചുവെന്നും ഉറപ്പാക്കുക.

ബാങ്ക് സ്റ്റേറ്റ്മെന്റ് റീകൺസിലിയേഷൻ: ബാങ്ക് സ്റ്റേറ്റ്മെന്റിലെ എല്ലാ വരവുചിലവുകളും ജിഎസ്ടി കണക്കുകളുമായി ഒത്തുനോക്കുക.

ഓർമ്മിപ്പിക്കൽ: 2025-26 വർഷത്തെ ITC സംബന്ധമായ തിരുത്തലുകൾക്ക് 2026 നവംബർ 30 വരെ സമയമുണ്ടെങ്കിലും, മാർച്ച് മാസത്തെ റിട്ടേണിൽ തന്നെ എല്ലാ ക്രമീകരണങ്ങളും വരുത്തുന്നത് ജിഎസ്ടി, ഇൻകം ടാക്സ് ഫയലിംഗുകൾ സുഗമമാക്കാൻ സഹായിക്കും.




DEWTON® LED
GERMANY
CERTIFIED BEST-IN-CLASS QUALITY BY CUSTOMERS
Switch to Solar.
Shine Without Limits.
Dewton presents next-generation
solar outdoor lighting built to perform.
Zero Energy Cost • Easy Installation • Eco-Friendly
Solar Lights Range
Gate Lights
Outdoor Wall Washers
Flood Lights
Streetlights
Scan QR code to visit website
ADVANCED GERMAN TECHNOLOGY
LM-80 Certified LEDs
BIS APPROVED
DOMESTIC LIGHTS I COMMERCIAL LIGHTS I ARCHITECTURAL LIGHTS I INDUSTRIAL LIGHTS
Customer Enquiry: +91 97784 22644 | Project Enquiry: 91 82819 98362 | Email: dewtonled@gmail.com | www.dewtonindia.com
METAL



# കേരളത്തിൽ പ്ലാസ്റ്റിക് ഉത്പ്പന്ന വ്യവസായത്തിലെ സാധ്യതകൾ

കേരളത്തിലെ പ്ലാസ്റ്റിക് ഉത്പ്പന്ന വ്യവസായം ഏറ്റവും സാധ്യതകളുള്ള ഒരു മേഖലയാണ്. ഇന്ന് **2500** -ലധികം എം. എസ്. എം. ഇ. യൂണിറ്റുകളും, **40000**ത്തിലധികം തൊഴിലാളികളുമായി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ നിർണ്ണായക പങ്കുവഹിക്കുന്നു. പാക്കേജിംഗ് മുതൽ മെഡിക്കൽ ഉപകരണങ്ങൾ വരെ അനന്തമായ സാധ്യതകളാണ് ഈ വ്യവസായത്തിനുള്ളത്. കൊച്ചിയിൽ ഭാരത് പെട്രോളിയം കോർപ്പറേഷന്റെ പെട്രോ കെമിക്കൽ പ്ലാന്റ് **2027** -ൽ പ്രവർത്തന സജ്ജമാകുന്നതോടുകൂടി കേരളത്തിലെ പ്ലാസ്റ്റിക് വ്യവസായികൾ നേരിടുന്ന റോ മെറ്റീരിയൽസ് ഷോർട്ടേജിന് ഒരു പരിധിവരെ സഹായകരമാകും.

**1.പാക്കേജിംഗ്**

ഭക്ഷ്യ സംസ്കരണം, കടൽ വിഭവ കയറ്റുമതി, സുഗന്ധ വ്യഞ്ജനങ്ങൾ, ഇ. കൊമേഴ്സ് എന്നിവയുടെ വളർച്ച ഉയർന്ന നിലവാരമുള്ള ഫെള്ക്സിബിൾ ആന്റ് റിജിഡ് പാക്കേജിംഗ് ആവശ്യപ്പെടുന്നു. പി.സി.ആർ.( പോസ്റ്റ് കൺസ്യൂമർ റീസൈക്കിൾഡ് ) കൺഡന്റ് ഉള്ള സുസ്ഥിര പാക്കേജിംഗ് ബാരിയർഫിലിമുകൾ, കണ്ടെയ്നറുകൾ എന്നിവയ്ക്ക് വലിയ സാധ്യതകളുണ്ട്.

**2.റീസൈക്കിൾ വ്യവസായം**

കേരളത്തിൽ ഏകദേശം 130 ടൺ പ്ലാസ്റ്റിക് വേസ്റ്റ് ഒരു ദിവസം ഉണ്ടാകുന്നു എന്നാണ് ഏകദേശ കണക്ക്. ഇത് ശേഖരിച്ച് റീസൈക്കിൾ ചെയ്ത് ഗ്രാന്യൂൾസ് ആക്കി മാറ്റുന്ന വ്യവസായത്തിന് അനന്തസാധ്യതകളാണ് ഉള്ളത്. ഇന്ന് നൂറിൽ പരം ഇത്തരം വ്യവസായങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും, മൊത്തം ആവശ്യത്തിന്റെ 40% പോലും ഇത് നിറവേറ്റുന്നില്ല. EPR നിയമങ്ങൾ വന്നതോടെ റീസൈക്കിൾ ചെയ്ത ഗ്രാന്യൂൾസിന് വൻ ഡിമാന്റാണ്. ബ്രാന്റുകൾ 10 മുതൽ 30 ശതമാനം വരെ റീസൈക്കിൾ ചെയ്ത ഗ്രാന്യൂൾസ് ഉപയോഗിക്കാൻ നിർബന്ധിതരായിരിക്കുന്നു. പാക്കേജിംഗ് മെറ്റീരിയൽസ്, ക്രേറ്റുകൾ, കുപ്പി, ഫർണീച്ചർ മുതലായ ഉത്പ്പന്നങ്ങളിൽ 20% - 30% PCR ഉപയോഗിക്കാൻ സാധിക്കും. വെർജിൻ പോളിമറും, റീസൈക്കിൾഡ് മെറ്റീരിയൽസും ചേർന്നുള്ള ‘‘ക്ലോസ്ഡ് ലൂപ്പ് ’’മോഡൽ കേരളത്തിന് അനുയോജ്യമാണ്.

**3.മെഡിക്കൽ & പ്രസിഷൻ മോൾഡിംഗ്**

ശക്തമായ ആരോഗ്യമേഖലയിലുള്ള കേരളത്തിൽ മെഡിക്കൽ അനുബന്ധ പ്ലാസ്റ്റിക് ഉത്പ്പന്നങ്ങളിൽ വലിയ സാധ്യതകളുണ്ട്. ഐ. വി. ഘടകങ്ങൾ, സിറിഞ്ച് പാർട്സ്, ലാബ് വെയർ, ഡിസ്പ്പോസിബിൾസ് എന്നിവയ്ക്ക് ദേശീയ – അന്തർദ്ദേശീയ ഡിമാന്റ് ഉണ്ട്. ISO 13485 സർട്ടിഫിക്കേഷനോടെ ഈ മേഖലയിലേക്ക് കടക്കുന്ന യൂണിറ്റുകൾക്ക് ഉയർന്ന മൂല്യവർദ്ധന ലഭിക്കും.

**4.ടെക്നിക്കൽ ടെക്സ്റ്റൈൽസ് ആന്റ് കമ്പോസിറ്റുകൾ**

തീരസംരക്ഷണത്തിനുള്ള ജിയോ ടെക്സ്റ്റൈൽസ്, മത്സ്യബന്ധന വലകൾ, FRP ടാങ്കുകൾ, കയർ - പ്ലാസ്റ്റിക് കമ്പോസിറ്റുകൾ എന്നിവ കേരളത്തിന്റെ ഭൂമിശാസ്ത്രത്തിന് യോജിച്ചതാണ്. ഇവയ്ക്ക് സർക്കാർ പദ്ധതികളിലും കയറ്റുമതിയിലും സാധ്യതകളുണ്ട്.

5. പ്ലാസ്റ്റിക് പൈപ്പ് ആന്റ് അനുബന്ധ വ്യവസായം
കേരളത്തിലെ പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ

ഏറ്റവും വലിയ വിഭാഗങ്ങളിൽ ഒന്നാണ് പ്ലാസ്റ്റിക് പൈപ്പ് ആന്റ് അനുബന്ധ വ്യവസായം, കുടിവെള്ളം, ജലസേചനം, കെട്ടിട നിർമ്മാണം, വ്യവസായം എന്നീ മേഖലകളിലെ ഡിമാന്റ് കാരണം ഈ രംഗം സ്ഥിരമായ വളർച്ച കൈവരിക്കുന്നു.

**6. പ്രധാന വെല്ലുവിളികളും പരിഹാരമാർഗ്ഗങ്ങളും**

അസംസ്കൃത വസ്തുക്കളുടെ വിലയിലെ കൂടെക്കൂടെയുള്ള ഏറ്റക്കുറച്ചിൽ, നൂതന സാങ്കേതിക വിദ്യകളുടെ അഭാവം, വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ്, ഉത്പ്പാദന ക്ഷമത കുറഞ്ഞ മെഷിനറികൾ എന്നിവ വെല്ലുവിളികളാണ്.

എന്നാൽ കേരള വ്യവസായ നയം 2023 -ലെ സബ്സിഡി, കോമൺ ഫെസിലിറ്റേഷൻ സെന്ററുകൾ, KPMA, KSSIA പോലുള്ള സംഘടനകളുടെയും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ CIPET ന്റെ ടെക്നിക്കൽ സർവ്വീസ് എന്നിവയും ഒരു പരിധിവരെ ഇതിനു പരിഹാരമാകും.

കേരളത്തിലെ പ്ലാസ്റ്റിക് വ്യവസായം ഇനി 'കമ്മോഡിറ്റി' യിൽ നിന്നും 'വാല്യു ആഡഡ്' (Value Added) ഉത്പ്പന്നങ്ങളിലേയ്ക്കാണ് നീങ്ങുന്നത്. പുതിയ സാങ്കേതിക വിദ്യയും, സുസ്ഥിരതയും കൂടി ചേരുമ്പോൾ അടുത്ത അഞ്ചുവർഷത്തിൽ ഈ മേഖലയുടെ വിറ്റുവരവ് ഇരട്ടിയാക്കുവാൻ സാധിക്കും.

പി. ജെ. മാത്യൂ

(Plastics Export Promotion Council - PLEXCOUNCIL - ന്റെ South India Regional Committee - യുടെ കേരളത്തിൽ നിന്നുള്ള പ്രതിനിധിയും, Kerala Plastics Manufacturers Association - KPMA യുടെ മുൻ സംസ്ഥാന പ്രസിഡന്റുമാണ് ലേഖകൻ)







**ടി എസ് ചന്ദ്രൻ**

മുൻ ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന വ്യവസായ
വാണിജ്യ വകുപ്പ്

# ഈടില്ലാതെ മെഷിനറി വായ്പ 5 കോടി വരെ എങ്ങനെ നേടാം.

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്ക് ഏറെ ഗുണകരമാകുന്ന ഒരു പുതിയ പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നു.

എം.എസ്.എം.ഇ മേഖലയ്ക്ക് അഞ്ചു കോടി രൂപ വരെ മെഷിനറി വാങ്ങുന്നതിന് വായ്പ നൽകുന്നതിന് പദ്ധതി വിഭാവന ചെയ്യുന്നു. കേരള ഫിനാൻഷ്യൽ കോർപ്പറേഷനാണ് പദ്ധതി നടപ്പിലാക്കുന്നത്.

## പദ്ധതി ആനുകൂല്യങ്ങൾ

അഞ്ചു കോടി രൂപ വരെ സമയ വായ്പയായി അനുവദിക്കുന്നു. പദ്ധതി ചെലവിന്റെ 20% സംരംഭകർ കണ്ടെത്തിയാൽ മതിയാകും. മെഷിനറി / ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനാണ് വായ്പ അനുവദിക്കുക.

## പലിശ

9.5% വാർഷിക പലിശയാണ് പദ്ധതിയിൽ ഈടാക്കുന്നത്. എന്നാൽ മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി പ്രകാരം യോഗ്യതയുള്ള സംരംഭങ്ങൾക്ക് രണ്ട് കോടി രൂപവരെ 5% പലിശയ്ക്ക് ലഭ്യമാക്കും. ബാക്കി തുകയ്ക്ക് 9.5% പലിശ നല്കേണ്ടിവരും

## യോഗ്യത മാനദണ്ഡങ്ങൾ

700ൽ കുറയാത്ത സിബിൽ സ്കോർ ഉണ്ടായിരിക്കണം. പ്രത്യേക രീതിയിൽ ഇത് കണക്കാക്കും. പ്രായപരിധി സംബന്ധിച്ച് പ്രത്യേക നിബന്ധനകൾ ഇല്ല.
മൂന്നുവർഷം തുടർച്ചയായി പ്രവർത്തിച്ചുവരുന്ന സ്ഥാപനം ആയിരിക്കണം. അവസാന രണ്ടു വർഷം ലാഭകരമായി പ്രവർത്തിച്ചിരിക്കണം. വായ്പ ഇക്വിറ്റി അനുപാതം 4:1. നേരത്തെ എടുത്ത വായ്പകളിലെ തിരിച്ചടവ് മികച്ചതായിരിക്കണം.

ഈ പദ്ധതി പ്രകാരം സമർപ്പിക്കുന്ന പദ്ധതി ചെലവിന്റെ 75% ത്തിൽ കുറയാത്ത തുക മെഷിനറി വാങ്ങുന്നതിന് വേണ്ടി ആയിരിക്കണം. പ്രാബല്യമുള്ള റണ്ണിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. പഴയ മിഷനറികൾക്കോ ഫാബ്രിക്കേറ്റ് ചെയ്യുന്ന മിഷനറികൾക്കോ വായ്പ ലഭിക്കുകയില്ല. ഉദ്യം രജിസ്ട്രേഷൻ വേണം. അപേക്ഷയോടൊപ്പം മെഷിനറിയുടെ കൊട്ടേഷൻ സമർപ്പിക്കണം. അവർക്ക് തുക നേരിട്ട് ആയിരിക്കും വിതരണം ചെയ്യുക. വാർഷിക മെയിന്റനൻസ് എഗ്രിമെൻറ് ഉണ്ടാക്കണം. ഈ പദ്ധതി പ്രകാരം വാങ്ങുന്ന മെഷിനറികളുടെ ഫസ്റ്റ് ചാർജ് എപ്പോഴും കെ.എഫ്.സി.ക്ക് ആയിരിക്കും.

## കൊലാറ്ററൽ സെക്യൂരിറ്റി ആവശ്യമില്ല

ഈ പദ്ധതി പ്രകാരമുള്ള വായ്പക്ക് ക്രെഡിറ്റ് ഗ്യാരണ്ടി പദ്ധതി പ്രകാരമുള്ള കവറേജ് ലഭിക്കുന്നതിനാൽ അധിക സെക്യൂരിറ്റികൾ നൽകേണ്ടതില്ല. വായ്പയെടുത്തു വാങ്ങുന്ന മെഷിനറിയും ഉപകരണങ്ങളും മാത്രമാണ് ഇവിടെ സെക്യൂരിറ്റിയായി നൽകേണ്ടി വരിക. എന്നാൽ പേഴ്സണൽ ഗ്യാരന്റി ആവശ്യമായി വരും. മറ്റു വസ്തുക്കൾ ഒന്നും ഈട് നൽകേണ്ടി വരില്ല എന്ന് ചുരുക്കം.

## വായ്പ തിരിച്ചടവും മോറട്ടോറിയവും

ആറു മുതൽ 12 മാസം വരെ മോറട്ടോറിയം കിട്ടും. മോറട്ടോറിയം പിരീഡ് ഉൾപ്പെടെ ഏഴു വർഷത്തിനുള്ളിൽ പ്രതിമാസ ഗഡുക്കൾ ആയി വായ്പ തിരിച്ചടയ്ക്കണം.

## സബ്സിഡി

ഈ പദ്ധതി പ്രകാരം പ്രത്യേക സബ്സിഡികൾ ഒന്നും പറയുന്നില്ല. എന്നിരുന്നാലും നിർമ്മാണ സ്ഥാപനങ്ങൾക്ക് എന്റർപ്രണർ സപ്പോർട്ട് സ്കീം പ്രകാരം 15 % മുതൽ 45% വരെ നിക്ഷേപ സബ്സിഡിക്ക് അർഹത ഉണ്ടായിരിക്കും. ഈ സബ്സിഡി KFC തന്നെ വിതരണം ചെയ്യും.

വായ്പക്ക് അപേക്ഷിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ജില്ലാ/മേഖല ഓഫീസുകളുമായി ബന്ധപ്പെടുകയോ സൈറ്റിൽ കയറി ഓഫ് ഓൺലൈൻ ആയി അപേക്ഷിക്കുകയോ ചെയ്യാം. അപേക്ഷ സമർപ്പിക്കും മുൻപ് കെ എഫ് സിയുടെ ഓഫീസിൽ പോയി നേരിട്ട് സംസാരിക്കുന്നത് നന്നായിരിക്കും.

മൂന്നുവർഷമെങ്കിലും സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന സംരംഭങ്ങൾക്ക് മെഷിനറി വാങ്ങുന്നതിന് സൗകര്യപ്രദമായ ഒരു വായ്പ പദ്ധതിയാണ് ഇത്.

ഈടില്ലാതെ വായ്പ ലഭിക്കും എന്നതും, രണ്ട് കോടി രൂപ വരെ 5% പലിശയ്ക്ക് (സി എം എ ഡി പി പ്രകാരം) ലഭിക്കും എന്നതുമാണ് പദ്ധതിയുടെ ആകർഷകത്വം.



Aster NEUROSCIENCES

ASTER DM HEALTHCARE SINCE 1987

# പാർക്കിൻസൺസ് രോഗത്തിൽ നിന്ന് ജീവിതം തിരിച്ചു പിടിക്കാം

**ഇന്ത്യയിലാദ്യമായി**
**അത്യാധുനിക**
**aDBS ചികിത്സ**
ആസ്റ്റർ മെഡ്സിറ്റിയിൽ



Parkinson & Movement Disorders Centre
**8111998098, 0484 6699999**
**Aster Emergency 155218** | astermedcity.in
astermedcity@asterhospital.in

**Aster** Medcity
We'll Treat You Well
KOCHI, KERALA

## ജില്ലാ വാർത്തകൾ

# ചെറുകിട വ്യവസായികളുടെ കരുത്ത് തെളിയിച്ച കണ്ണൂരിന്റെ എക്സ്പോ 2026

കണ്ണൂർ ബർണ്ണാശ്ശേരി നായനാർ അക്കാദമിയിൽ നടന്ന ഇന്ത്യ എക്സ്പോ വ്യവസായ പ്രദർശന വിപണനമേള കണ്ണൂരിലെ സംരംഭകരുടെ കരുത്ത് തെളിയിക്കുന്നതിനായി ധാരാളം പുതിയ സംരംഭകരും യുവാക്കൾക്കും വനിതകൾക്കും ഏറെ പ്രയോജനം ചെയ്ത മേളയിൽ അത്യാനുധിക യന്ത്രസാമഗ്രികളുടെ പ്രദർശനവും വിപണന മേളകളും ഉണ്ടായിരുന്നു. വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്താൻ സംഘടിപ്പിച്ച സ്റ്റാർട്ടപ്പ് പാർക്ക് മുഖാമുഖം അഡീഷണൽ ചീഫ് സെക്രട്ടറി എ.പി. എം. മുഹമ്മദ് ഹനീഷ് ഐ. എ. എസ്. ഉദ്ഘാടനം ചെയ്തു.

വി.കെ.സി. മമ്മദ് കോയ Ex. എം. എൽ. എ., പി.കെ. മായിൻ, KSSIA സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ, എം. ഖാലിദ്, അനിൽകുമാർ, വിനോദ് നാരായണൻ, കെ. സുഭാഷ്, പി. എം. സുഗുണൻ, സി. എച്ച്. റഹ്മാൻ എന്നിവർ പ്രസംഗിച്ചു. കെ. പി.രവീന്ദ്രൻ മോഡറേറ്റർ ആയിരുന്നു. വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നടക്കുകയുണ്ടായി.

### കോഴിക്കോട് താമരശ്ശേരി താലൂക്ക് കമ്മിറ്റികൾ

കോഴിക്കോട് ജില്ലയിൽ ആദ്യമായി താലൂക്ക് കമ്മിറ്റികൾ നിലവിൽ വന്നു. കോഴിക്കോട്, താമരശ്ശേരി താലൂക്ക് കമ്മിറ്റി രൂപീകരണ യോഗത്തിന്റെ ഉദ്ഘാടനം ശ്രീ. വി.കെ.സി. മമ്മദ് കോയ Ex. എം. എൽ. എ. നിർവ്വഹിച്ചു. ജില്ലാ പ്രസിഡന്റ് ഇസ്ഹാഖ് കളത്തിങ്കൽ അധ്യക്ഷനായി. നോർത്ത് സോൺ വൈസ് പ്രസിഡന്റ് എ. വി. സുനിൽനാഥ്, വി. കെ. സി. റസാഖ്, മുസമ്മിൽ, അരുൺകുമാർ, നന്ദകുമാർ, മുഹമ്മദ് എന്നിവർ പ്രസംഗിച്ചു.

### സോമില്ലുകളുടെ ലൈസൻസ് പുതുക്കാൻ ഒറ്റത്തവണ ഫീസ് പ്രതിക്ഷേധം ശക്തം.

കെ. എസ്. എസ്. ഐ. എ. സർക്കാരിന് കത്ത് നല്കി. സംസ്ഥാനത്ത് മരാധിഷ്ഠിത വ്യവസായം നടത്തുന്ന എല്ലാ സോമില്ലുകളുടെയും ലൈസൻസ് പുതുക്കാൻ ഒറ്റത്തവണ ഫീസ് ആയി 50,000 രൂപ ഈടാക്കാനുള്ള വനംവകുപ്പ് തീരുമാനം സംസ്ഥാനത്തുടനീളം വൻ പ്രതിഷേധത്തിനിടയാക്കി.

കേരള ഫോറസ്റ്റ് റെഗുലേഷൻ ഓഫ് സോമിൽ ആൻഡ് അദർവുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ് നിയമം ഭേദഗതി ചെയ്തതിനൊപ്പം ആണ് മില്ലുകളിൽ നിന്ന് ഫീസ് ഈടാക്കാനുള്ള നീക്കം ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്താതെ നിയമവും ചട്ടവും മറികടന്ന് തെരഞ്ഞെടുപ്പിന് തൊട്ട് മുമ്പ് പൊടുന്നനെ എടുത്ത തീരുമാനം ഈ മേഖലയിൽ വലിയ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് KSSIA സർക്കാരിന് നല്കിയ കത്തിൽ ആശങ്ക അറിയിച്ചു. നടപടി നിർത്തിവെച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്താതെ തീരുമാനം എടുക്കരുത് എന്ന് KSSIA വനം വകുപ്പിനും സർക്കാരിനും നൽകിയ കത്തിൽ പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ ആവശ്യപ്പെട്ടു.

## MSEFC കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ സൗകര്യമൊരുക്കണം

MSMED ആക്ട് 2006 ന്റെ പ്രത്യേക പരിരക്ഷ ഉപയോഗിച്ച് പ്രവർത്തനമാരംഭിച്ച MSEFC സംവിധാനം ചെറുകിട വ്യവസായ സംരംഭകർക്ക് വലിയ ആശ്വാസമാണ് നല്കി വരുന്നത്. ഈ സംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നതിന് ആവശ്യമായ പരിചയ സമ്പന്നരായ കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടി ഉടനെ ഉണ്ടാകണമെന്ന് KSSIA സെൻട്രൽ സോൺ വൈസ് പ്രസിഡന്റ് സർക്കാരിനോട് ആവശ്യപ്പെട്ടു. MSEFC യുടെ സെൻട്രൽ സോൺ എറണാകുളം റീജയണൽ കൗൺസിൽ നിലവിൽ 525 കേസുകളും പുതിയ ODR പ്ലാറ്റ് ഫോമിലൂടെ വരുന്ന മറ്റു കേസുകളും കൂടിയാകുമ്പോൾ തീർപ്പുകൽപ്പിക്കാൻ നിലവിലെ ജീവനക്കാർ ഒട്ടും പര്യാപ്തമല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

## കാസർഗോഡ് സിഡ്കോ എസ്റ്റേറ്റ് മാനേജിംഗ് ഡയറക്ടർ സന്ദർശനം നടത്തി

ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വിവിധ വിഷയങ്ങളിലുള്ള പരാതികൾ നേരിൽ മനസ്സിലാക്കുന്നതിന് മാനേജിംഗ് ഡയറക്ടർ ശ്രീ. ജയശങ്കർ സന്ദർശനം നടത്തുകയുണ്ടായി.KSSIA സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ സിഡ്കോ വ്യവസായ എസ്റ്റേറ്റിലെ സംരംഭകരുമായി ചർച്ച നടത്തുകയുണ്ടായി. വിഷയത്തിൽ തിരുവനന്തപുരത്ത് വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മുഹമ്മദ് ഹനീഷ് ഐ. എ. എസ്. മായി അദ്ദേഹം നടത്തിയ ചർച്ചയെ തുടർന്നായിരുന്നു മാനേജിംഗ് ഡയറക്ടറുടെ സന്ദർശനം.



# ചെറുകിട വ്യവസായ സംരംഭങ്ങളും സാമൂഹ്യപുരോഗതിയും





***കെ. ഇസ്ഹാഖ്***
കോഴിക്കോട് ജില്ലാ പ്രസിഡന്റ്

നമ്മുടെ സമ്പത്ത് വ്യവസ്ഥയിൽ എം. എസ്. എം. ഇ. സംരംഭങ്ങൾ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. വ്യവസായ വൽക്കരണം പരിമിതമായ ഒരു സംസ്ഥാനം ആയിരുന്നിട്ടും മനുഷ്യവിഭവ ശേഷി വിദ്യാഭ്യാസ നിലവാരം, സംരംഭക മനോഭാവം എന്നിവയുടെ കാര്യത്തിൽ ഈ മേഖല കേരളത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതിയ്ക്ക് ശക്തമായ അടിത്തറയായി മാറിയിട്ടുണ്ട്. ഈ മേഖലയിലെ കൈത്തറി ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, ഫുട്ട് വെയർ മേഖല, സേവന മേഖലകൾ, സ്റ്റാർട്ടപ്പുകൾ, ഫർണീച്ചർ, പ്ലൈവുഡ്, തടിയധിഷ്ഠിത സംരംഭങ്ങൾ വളരെ ചെറിയ നിക്ഷേപത്തോടെയും, സർക്കാർ സഹായത്തോടെയും ആരംഭിക്കാനാവുന്ന സംരംഭങ്ങൾ പ്രാദേശിക തലത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും സാധാരണക്കാരായ ധാരാളം പേരുടെ സാമൂഹിക ജീവിതത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുന്നതുമാണ്. ഈ മാറ്റം ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലും ഉള്ള സാമ്പത്തിക സജീവത വർദ്ധിപ്പിക്കുന്നു. ചെറുകിട സംരംഭങ്ങളുടെ പ്രധാന സംഭാവന തൊഴിൽ സൃഷ്ടിയിലാണ്. വൻകിട വ്യവസായങ്ങൾ സംസ്ഥാനത്ത് കുറവായതിനാൽ യുവാക്കൾക്ക് ഏറെ അവസരങ്ങൾ നൽകുന്നതിൽ ഈ മേഖല മുന്നിൽ നിൽക്കുന്നു. പ്രവാസ ജീവിതം മതിയാക്കി നാട്ടിൽ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്ന പ്രവണത വർദ്ധിച്ചിട്ടുണ്ട്.

കുടുംബശ്രീ മുതലായ കൂട്ടായ്മകളിലൂടെ സ്ത്രീകൾ ചെറിയ സംരംഭങ്ങൾ ആരംഭിച്ച് സാമ്പത്തിക സ്വാതന്ത്ര്യം നേടുന്നു. പ്രത്യേകിച്ച് ഭക്ഷ്യ ഉത്പ്പന്നങ്ങൾ, കൈത്തറി കരകൗശല മേഖലകളിൽ ഇവരുടെ പങ്കാളിത്തം വർദ്ധിച്ചുവരുന്നു. ഇത്തരത്തിലുള്ള പങ്കാളിത്തം ഗ്രാമ വികസനത്തിന് വലിയ പ്രചോദനമാകുന്നു. തൊഴിൽ ആവശ്യങ്ങൾക്ക് വേണ്ടി ആളുകൾ നഗരങ്ങളിലേയ്ക്ക് കുടിയേറുന്ന പ്രവണത കുറയുകയും പ്രദേശിക വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി സാമ്പത്തിക പുരോഗതി കൈവരിക്കാൻ ഏറെ സഹായിക്കുന്നു.

നാളികേരം, മലഞ്ചരക്കുകൾ, നമ്മുടെ പഴവർഗ്ഗങ്ങൾ എന്നിവ പ്രയോജനപ്പെടുത്തിയുള്ള സംരംഭങ്ങൾ ധാരാളമായി വർദ്ധിച്ചു വരുന്നത് ഗ്രാമങ്ങൾ പുരോഗതി പ്രാപിക്കാനും ഇതിലൂടെ അടിസ്ഥാന സൗകര്യങ്ങൾ വികസിക്കാൻ കാരണമായി തീരുന്നു. കേരളത്തിൽ സ്റ്റാർട്ടപ്പ് സംസ്കാരം വളരുകയാണ്. ആധുനിക ടെക്നോളജി അടിസ്ഥാനമാക്കിയുള്ള യുവജനങ്ങളുടെ സൃഷ്ടിപരമായ പുതിയ ആശയങ്ങൾ സമൂഹത്തിനും വലിയ പ്രതീക്ഷ നൽകുന്നു. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയും സാമൂഹിക നവീകരണത്തെയും ശക്തിപ്പെടുത്തുന്നത് മാത്രമല്ല വിവിധ സാമൂഹിക വിഭാഗങ്ങൾക്ക് അവസരങ്ങൾ ലഭിക്കുകയും എല്ലാ വിഭാഗക്കാർക്കും സംരംഭകത്വത്തിലേയ്ക്ക് പ്രവേശിക്കാൻ അവസരം ലഭിക്കുകയും സാമൂഹിക ബന്ധം ഉറപ്പാക്കാൻ സഹായിക്കുന്നു. ചെറുകിട സംരംഭങ്ങൾ സാമൂഹിക പുരോഗതിയുടെ പ്രധാന ഘടകമാണ്. സർക്കാരിന്റെയും സ്വകാര്യ മേഖലയുടെയും സഹകരണത്തോടെ ശക്തമായ പിന്തുണ ലഭിച്ചാൽ ഭാവി വികസനത്തിന് അത് പ്രതീക്ഷ നൽകുന്നതാണ്.

# ഫ്രെയിം വർക് ഫോർ ടെക് മാനുഫാക്ചറിംഗ്

## ഉത്പ്പാദന രംഗത്തെ വിപ്ലവകരമായ മുന്നേറ്റത്തി നൊരുങ്ങി കേരളം

നൂറ്റാണ്ടുകളായി സുഗന്ധ വ്യഞ്ജനങ്ങളുടെയും പ്രകൃതി വിഭവങ്ങളുടെയും പേരിൽ ആഗോള വ്യാവസായിക ഭൂപടത്തിൽ ഇടംപിടിച്ച കേരളം ഇന്ന് വിജ്ഞാനത്തിന്റെയും അത്യാധുനിക സാങ്കേതിക വിദ്യയുടെയും കരുത്തിൽ പുതിയൊരു വ്യാവസായിക വിപ്ലവത്തിന് തിരിതെളിക്കുകയാണ്. പരമ്പരാഗത ഉത്പ്പാദന രീതികളിൽ നിന്ന് മാറി കൃത്രിമ ബുദ്ധിയും (എ.ഐ) റോബോട്ടിക്സും നയിക്കുന്ന ഒരു ഹൈടെക് യുഗത്തിലേയ്ക്ക് സംസ്ഥാനം ചുവടുവെയ്ക്കുമ്പോൾ, അത് വെറുമൊരു സാമ്പത്തിക മാറ്റമല്ല മറിച്ച് വരാനിരിക്കുന്ന തലമുറകൾക്കായുള്ള നവയുഗ കേരളത്തിന്റെ നിർമ്മിതി കൂടിയാണ്. ഇന്ത്യയുടെ ഉത്പ്പാദനരംഗത്ത് വ്യക്തമായ സ്ഥാനം പിടിക്കാനുള്ള നിർണ്ണായക നീക്കത്തിൽ, ഭാവിയ്ക്ക് അനുയോജ്യമായതും നവീകരണത്തെ അടിസ്ഥാനമാക്കിയുള്ളതുമായ ഒരു വ്യാവസായിക ആവാസ വ്യവസ്ഥ കെട്ടിപ്പടുക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ഒരു ഹൈടെക് ഉത്പ്പാദന നയ ചട്ടക്കൂട് ( ഫ്രെയിം വർക്ഫോർ ഹൈടെക് മാനുഫാക്ചറിംഗ്) സംസ്ഥാനം പുറത്തിറക്കിയിരിക്കുകയാണ്. പ്രകൃതി രമണീയമായ ഈ കൊച്ചു സംസ്ഥാനം എങ്ങനെ ആഗോള നിർമ്മാണ ശൃംഖലയിലെ വിശ്വസനീയമായ ഒരു കണ്ണിയായി മാറാൻ പോകുന്നുവെന്ന് ഈ പുതിയ നയ ചട്ടക്കൂട് വ്യക്തമാക്കുന്നു.

കേരളത്തെ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു ഹൈടെക് ഗവേഷണ - നിർമ്മാണ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള പുതിയ വ്യാവസായിക നയചട്ടക്കൂട് സംസ്ഥാനത്തിന്റെ സാമ്പത്തിക ചരിത്രത്തിലെ നിർണ്ണായകമായ ഒരു വഴിത്തിരിവാണ്. കേവലം പരമ്പരാഗത ഉത്പ്പാദന രീതികളിൽ ഒതുങ്ങി നിൽക്കാതെ ലോകം ഇന്ന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്ന നാലാം വ്യാവസായിക വിപ്ലവത്തിന്റെ ( ഇൻഡസ്ട്രി 4.0) കരുത്ത് ചോരാതെ പ്രയോജനപ്പെടുത്താനാണ് ഈ പുതിയ നീക്കത്തിലൂടെ ലക്ഷ്യമിടുന്നത്. വിജ്ഞാനധിഷ്ഠിത സമ്പദ് വ്യവസ്ഥയിലേയ്ക്കുള്ള ഈ പരിവർത്തനം കേരളത്തിന്റെ വ്യവസായിക ഭൂപടത്തെ മാറ്റിവരയ്ക്കാൻ ശേഷിയുള്ളതാണ്. 'സ്മാർട്ട് ഫാക്ടറികൾ' എന്ന ആശയമാണ് ഈ നയത്തിന്റെ കാതൽ. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ ഐ), ഇന്റർനെറ്റ് ഓഫ് തിംഗ്സ് (ഐഒടി), റോബോട്ടിക്സ്, ക്ലൗഡ് കമ്പ്യൂട്ടിംഗ് തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകളിലൂടെ ഉത്പ്പാദന ക്ഷമത വർദ്ധിപ്പിക്കാനും ചെലവ് കുറയ്ക്കാനും സാധിക്കും. ഭൂമി ലഭ്യത കുറഞ്ഞ കേരളം പോലുള്ള സംസ്ഥാനത്തിന്, കുറഞ്ഞ സ്ഥല സൗകര്യത്തിൽ ഉയർന്ന മൂല്യമുള്ള ഉത്പ്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുന്ന ഹൈടെക് മാനുഫാക്ചറിംഗ് യൂണിറ്റുകൾ ഏറ്റവും അനുയോജ്യമായ മാതൃകയാണ്. വലിയ വ്യവസായങ്ങൾക്കൊപ്പം തന്നെ ചെറുകിട - ഇടത്തരം സംരംഭങ്ങളെയും ( എം. എസ്. എം. ഇ.) ഈ ഡിജിറ്റൽ യുഗത്തിലേയ്ക്ക് കൈപിടിച്ചുയർത്താൻ ആവശ്യമായ പിന്തുണയും ഈ ചട്ടക്കൂട് വാഗ്ദാനം ചെയ്യുന്നു.

കേരളത്തിന്റെ ഏറ്റവും വലിയ ആസ്തി എന്നത് ഉയർന്ന നിലവാരമുള്ള മാനവ വിഭവശേഷിയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അത്യാധുനിക മേഖലകളിൽ ജോലി ചെയ്തിരുന്ന വിദഗ്ധരായ മലയാളി പ്രൊഫഷണലുകൾ നാട്ടിലേയ്ക്ക് തിരിച്ചെത്തുന്ന 'റിവേഴ്സ് മൈഗ്രേഷൻ' ട്രെൻഡ് ഈ നയത്തിന് വലിയ കരുത്ത് പകരുന്നു. ഇവരുടെ അന്താരാഷ്ട്ര പരിചയസമ്പത്തും സാങ്കേതിക ജ്ഞാനവും സ്റ്റാർട്ടപ്പുകളുമായും ഗവേഷണ സ്ഥാപനങ്ങളുമായും സംയോജിപ്പിക്കുന്നത് വഴി ഒരു വലിയ ഇന്നൊവേഷൻ ഇക്കോസിസ്റ്റം സംസ്ഥാനത്ത് രൂപപ്പെടും. ശാസ്ത്ര- സാങ്കേതിക - എഞ്ചിനീയറിംഗ് മേഖലകളിൽ (സ്റ്റെം) ശ്രദ്ധകേന്ദ്രീകരിക്കുന്ന ഒരു പുതിയ തലമുറയെ വാർത്തെടുക്കുന്നതിലൂടെ ഭാവിയിലെ തൊഴിൽ വിപണിയിൽ കേരളത്തിന് വലിയ സ്വാധീനം ചെലുത്താനാകും. നയപരമായ ഈ മാറ്റങ്ങൾ യാഥാർത്ഥ്യമാക്കാൻ ശക്തമായ അടിസ്ഥാന സൗകര്യ വികസനം അത്യാവശ്യമാണ്. ലോകോത്തര നിലവാരത്തിലുള്ള ഡിജിറ്റൽ കണക്ടിവിറ്റിയും സൈബർ സുരക്ഷാ സംവിധാനങ്ങളും വ്യവസായ കേന്ദ്രങ്ങളിൽ ഒരുക്കേണ്ടതുണ്ട്. കൂടാതെ കേരളത്തിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന ഉത്പ്പന്നങ്ങൾക്ക് ആഗോള വിപണിയിൽ സ്വീകാര്യത ലഭിക്കുന്നതി



നായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ ലാബോറട്ടറികൾ സ്ഥാപിക്കേണ്ടതും അനിവാര്യമാണ്. ഇത്തരം സംവിധാനങ്ങൾ നിക്ഷേപകർക്ക് കേരളത്തോടുള്ള വിശ്വാസം വർദ്ധിപ്പിക്കുകയും ആഗോള വിതരണ ശൃംഖലകളിൽ (ഗ്ലോബൽ സപ്ലൈ ചെയിൻസ്) കേരളത്തെ ഒരു വിശ്വസനീയ പങ്കാളിയായി മാറ്റുകയും ചെയ്യും.

എന്നിരുന്നാലും, ഈ പാതയിൽ വെല്ലുവിളികൾ കുറവല്ല. സാങ്കേതിക വിദ്യയുടെ അതിവേഗത്തിലുള്ള മാറ്റത്തിനൊപ്പം തൊഴിലാളികളുടെ നൈപുണ്യം വർദ്ധിപ്പിക്കുക എന്നതും എം. എസ്. എം. ഇ. കൾക്ക് ആവശ്യമായ മൂലധന ലഭ്യത ഉറപ്പാക്കുക എന്നതും പ്രധാനമാണ്. വ്യവസായ സൗഹൃദമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനൊപ്പം സൈബർ സുരക്ഷാ ഭീഷണികളെ നേരിടാനുള്ള കൃത്യമായ നിയമ നിർമ്മാണങ്ങളും ഈ ചട്ടക്കൂടിന്റെ വിജയത്തിന് അനിവാര്യമാണ്.

ചുരുക്കത്തിൽ കേരളത്തിന്റെ പുതിയ ഹൈടെക് നിർമ്മാണ നയം എന്നത് ഒരു ദീർഘകാല കാഴ്ചപ്പാടിന്റെ ഫലമാണ്. ഗവേഷണവും വികസനവും ഉത്പ്പാദന മേഖലയുമായി കൈകോർക്കുമ്പോൾ അത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക മാത്രമല്ല സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറയെ കൂടുതൽ സുസ്ഥിരമാക്കുകയും ചെയ്യുന്നു. ആഗോള വിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ച് സ്വയം പരിഷ്കരിക്കാൻ തയ്യാറെടുക്കുന്ന കേരളം, വരും വർഷങ്ങളിൽ ഇന്ത്യയുടെ ഹൈടെക് വ്യാവസായിക വിപ്ലവത്തിന്റെ ചാലക ശക്തിയായി മാറുമെന്നതിൽ സംശയമില്ല.

*2026 മേയ് 8, 9,10 തീയതികളിൽ കെ എസ് എസ് ഐ കണ്ണൂർ ജില്ലാ ഘടകത്തിന്റെ ആഭിമുഖ്യത്തിൽ ഇ.കെ. നായനാർ കൺവെൻഷൻ സെന്ററിൽ നടന്ന ഇൻഡെ്എക്സ്പോ 2026 നോട് അനുബന്ധിച്ച് നോർത്ത് സോൺ കോൺഫറൻസും, ഏഴാമത് ജനറൽ കൗൺസിൽ മീറ്റിങ്ങും കൂടിയപ്പോൾ...*













KSSIA
North Zone


KSSIA
North Zone


KSSIA
NDEXPO 2026
2026 MAY 08|09|10


KSSIA
STARTUP SPARK


KSSIA
INDEXPO 2026
2026 MAY 08|09|10





L&T-SUFIN
A brand of Larsen & Toubro Limited

Trusted Partner from
Discovery to Delivery

# One e-commerce platform, many business solutions




## Benefits for MSMEs

**Request for quotation (RFQ)**
Single RFQ for multiple products

**Trust seal**
Deal with unknown entities confidently

**Comprehensive financing solutions**
Working capital & channel financing

**Logistics & payment gateway services**
For convenience in order fulfilment

Solido®
A Brand of L&T-SuFin


Discover our Safety Products also

Safety Helmets | Gumboots | Safety Jackets | Safety Shoes

92281 48589
sufin.marketing@larsentoubro.com

www.lntsufin.com

Download the app




Publisher **A.Nizarudeen** and Printer Rajesh G. on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94477 10078, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.